

## പ്രകൃതിസ്നേഹിക്ക് പ്രണാമം

# ജപ്പാനിലെ കൊച്ചി, അവിടൊരു ഫുക്കുവോക്ക

കുര്യൻ പാമ്പാടി

**ജപ്പാനിലെ ഫുക്കുവോക്കയിൽ സന്ദർശിച്ചിട്ടുള്ള മനോരമ മുൻ അസിസ്റ്റന്റ് എഡിറ്ററും 'ദി വില്ലേജി'ന്റെ പത്രാധിപരുമായ കുര്യൻ പാമ്പാടി യാത്രാനുഭവം പങ്കുവെയ്ക്കുന്നു.**

ബാങ്കോക്കിൽ നിന്നു ഫുക്കുവോക്കയിൽ വിമാനമിറങ്ങുമ്പോൾ രണ്ടു വിശ്വമാനവരുടെ നാട്ടിലാണല്ലോ എത്തിയതെന്നോർത്ത് മനസ്സു കുളിർത്തു. ഒരാൾ പ്രകൃതിസ്നേഹിയായ മസനോബു ഫുക്കുവോക്ക. രണ്ടാമൻ, ചലച്ചിത്രസംവിധായകൻ അകിര കുറോസാവ. കുറോസാവ 88-ാം വയസ്സിൽ മരിച്ചിട്ട് 2008-ൽ പത്തു വർഷമായി. ഫുക്കുവോക്കയാകട്ടെ 95 വയസ്സുവരെ ജീവിച്ചിരുന്ന് ഇക്കഴിഞ്ഞദിവസം ജീവിതത്തോടു വിടവാങ്ങി. രണ്ടുപേരും വ്യത്യസ്ത രംഗങ്ങളിൽ വിശ്വോത്തരന്മാർ.




ജപ്പാന്റെ ഏറ്റവും തെക്കേ അറ്റത്തുള്ള ദ്വീപാണു ക്യൂഷു. അവിടെ ഇമാരി എന്ന കടലോര നഗരത്തിൽ കുറോസാവയുടെ പേരിലുള്ള മ്യൂസിയവും ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും തുറന്നിട്ട് അധികനാളായില്ല. ഫുക്കുവോക്കയാകട്ടെ തൊട്ടുചേർന്നു കിടക്കുന്ന ഷിക്കൊക്കു ദ്വീപിലെ എഹിമെ പ്രവിശ്യയിൽ ഇയോ ജില്ലയിൽ. വിശ്വോത്തര ചലച്ചിത്രമേള നടത്തുന്ന ഫുക്കുവോക്ക നഗരത്തിനും ഈ മഹാന്റെ പേരാണെങ്കിലും കഥാപുരുഷനു നഗരവുമായി ബന്ധമൊന്നുമില്ല. പല പ്രദേശങ്ങൾക്കും മനുഷ്യർക്കും 'ഫുക്കു'വിൽ തുടങ്ങുന്ന പേരുകൾ കണ്ടു- ഫുക്കുയാമ, ഫുക്കുഷിമ, ഫുക്കുയി എന്നിങ്ങനെ.

രണ്ടാം ലോകമഹായുദ്ധത്തിന് അവസാനംകുറിച്ച അണുബോംബ് വീണ നാഗസാക്കി ക്യൂഷുദ്വീപിലും ഹിറോഷിമ തൊട്ടുമുകളിലെ ഹൊൻഷു ദ്വീപിലുമാണ്. ക്യൂഷു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അദ്ധ്യാപകനായ ഡോ. കെ. അബ്ദുല്ല ബാവ സ്വന്തം കാറോടിച്ച് ഞങ്ങളെ നാഗസാക്കിയിൽ കൊണ്ടുപോയി. മടങ്ങുംവഴി കുറോസാവ മ്യൂസിയം കാണാൻ ഇമാരിയിലേക്കും പോയി. എന്നാൽ, മസനോബു ഫുക്കുവോക്കയുടെ ലോകപ്രസിദ്ധമായ ജൈവക്കൃഷിയിടങ്ങൾ കാണാൻ ഹിറോഷിമയ്ക്കു പോകുംവഴി 'കൊച്ചി' പ്രവിശ്യയിലേക്ക് ട്രെയിൻ മാറിക്കയറി പോകേണ്ടിവന്നു. 'ഷിങ്കാൻസൻ' എന്ന അതിവേഗ ബുള്ളറ്റ് ട്രെയിനിൽനിന്ന് അതിവേഗത്തിൽ ത്തന്നെ പോകുന്ന മറ്റൊരു ട്രെയിൻ.

മസനോബു ഫുക്കുവോക്ക അദ്ദേഹത്തിന്റെ ജൈവകൃഷി പരീക്ഷണങ്ങൾ നടത്തിയ ഇയോ മേഖല 'കൊച്ചി' തുറമുഖ പട്ടണത്തിന്റെ പ്രാന്തത്തിലാണ്. നമ്മുടെ കൊച്ചിയോട് വളരെയേറെ സാമ്യമുള്ള നഗരമാണ് അവരുടെ കൊച്ചി. നൂറുകണക്കിനു ചരക്കുകപ്പലുകളും മീൻപിടുത്തക്കപ്പലുകളും നങ്കൂരമിട്ടു കിടക്കുന്നു. വിദേശക്കപ്പലുകൾ കൊച്ചി പിന്നിട്ട് കിഴക്കോട്ടു സഞ്ചരിക്കുമ്പോഴാണ് ലോകപ്രസിദ്ധമായ യോക്കഹാമ തുറമുഖം. അതിനു തൊട്ടുവടക്കാണ് ടോക്കിയോ. നമ്മുടെ കൊച്ചി കാണാൻ അവരുടെ കൊച്ചിയിൽ നിന്ന് മേയറുടെ നേതൃത്വത്തിൽ ഒരു സംഘം വന്നിരുന്ന കാര്യം ഓർമ്മയിൽ തെളിഞ്ഞുനിൽക്കുന്നു. അവരന്ന് ഒരു സൗഹൃദക്കരാർ ഒപ്പിട്ടു മടങ്ങിയെന്നാണു കഥ. അതിന്